SUNDAY 04.07.2024 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com,
fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 14/07/2024

1. കൃഷി വകുപ്പിൻറെ കീഴിൽ, കഴക്കൂട്ടത്ത് പ്രവർത്തിക്കുന്ന ബയോ ടെക്നോളജി ആൻറ് മോഡൽ ഫ്ലോറികൾച്ചർ സെൻററിൽ (BMFC) വിവിധ ഇനങ്ങളിൽപ്പെട്ട ഗുണമേന്മയുള്ള ടിഷ്യൂകൾച്ചർ വാഴതൈകൾ വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദിപ്പിച്ചു വിതരണം ചെയ്തുവരുന്നു. നിലവിൽ നേന്ത്രൻ, ചെങ്കദളി, ഗ്രാൻനെയ്ൻ ഇനങ്ങളുടെ ടിഷ്യൂകൾച്ചർ വാഴതൈകൾ വില്പ്പനക്ക് ലഭ്യമാണ്. വാഴ ഒന്നിന് 20 രൂപയാണ് വില. കൂടുതൽ വിവരങ്ങൾക്ക് കർഷകർ 0471 - 2413739 എന്ന ഫോൺ നമ്പറിലോ bmfctvm@yahoo.co.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

2. . തീരമൈത്രി പദ്ധതിയിൽ അപേക്ഷിക്കാം സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമൺ (സാഫ്) തീരമൈത്രി പദ്ധതിയിലൂടെ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് രൂപീകരിക്കുന്നതിന് മത്സ്യക്കച്ചവടം, ഉണക്ക മീൻക്കച്ചവടം, പീലിംഗ് തുടങ്ങിയ മേഖലകളിൽ തൊഴിൽ ചെയ്യുന്ന മത്സ്യത്തൊഴിലാളി വനിതകളടങ്ങുന്ന ഗ്രൂപ്പുകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. പലിശയ്ക്ക് കടമെടുത്ത് മത്സ്യക്കച്ചവടം ചെയ്യുന്ന മത്സ്യത്തൊഴിലാളി സ്ത്രീകളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. അപേക്ഷകർ എഫ്.എഫ്.ആർ-ൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരായിരിക്കണം. പ്രായപരിധി ഇല്ല. 5 പേരങ്ങടങ്ങുന്ന ഒരു ഗ്രൂപ്പിന് പരമാവധി 50,000 രൂപ പലിശരഹിത വായ്പയായി ലഭിക്കും. അപേക്ഷ ഫോറം വിഴിഞ്ഞം ഫിഷറീസ് അസിസ്റ്റൻ്റ് ഡയറക്ടർ ഓഫീസിൽ നിന്നും ജില്ലയിലെ മത്സ്യഭവൻ ഓഫീസുകളിൽ നിന്നും ലഭിക്കും. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ജൂലൈ 31. കൂടുതൽ വിവരങ്ങൾക്ക് 9847907161, 9895332871 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

3. തിരുവനന്തപുരം, കുടപ്പനക്കുന്ന് സർക്കാർ പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും എല്ലാ ചൊവ്വാഴ്ചകളിലും, വെള്ളിയാഴ്ചകളിലും ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങൾ ലഭ്യമാണ്. ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പിട കോഴിക്കുഞ്ഞുങ്ങളെ 25/-രൂപ നിരക്കിലും, പൂവൻ കോഴിക്കുഞ്ഞുങ്ങളെ 5/-രൂപ നിരക്കിലും ആണ് ലഭിക്കുക. താൽപര്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെ 0471 2730804 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

4. ആലപ്പുഴ ജില്ലയിൽ ക്ഷീരവികസന വകുപ്പ് മിൽക്ക് ഷെഡ് ഡവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി അതിദരിദ്ര വിഭാഗങ്ങൾക്ക് പശു ഡയറി യൂണിറ്റ് അനുവദിക്കുന്ന പദ്ധതിക്ക് അപേക്ഷ ക്ഷണിച്ചു. സർക്കാർ പ്രസിദ്ധീകരിച്ച അതിദരിദ്ര വിഭാഗം പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് അപേക്ഷിക്കാം. രജിസ്ട്രേഷൻ ഫീസ് ഇല്ല. കൂടുതൽ വിവരങ്ങൾ ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുകളിൽ ലഭിക്കും.

5. പട്ടികവർഗ്ഗത്തിൽപ്പെട്ട തൊഴിൽ രഹിതർക്ക് തൊഴിൽ സംരംഭം തുടങ്ങാൻ പട്ടികവർഗ്ഗ വികസന വകുപ്പും പൊതുമേഖലാസ്ഥാപനമായ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയും സംയുക്തമായി ചേർന്ന് സംശുദ്ധവും സംപുഷ്ടവുമായ എംപിഐയുടെ ഇറച്ചിയും ഇറച്ചി ഉൽപ്പന്നങ്ങളുടെയും വിപണനം നടത്താനുള്ള ഷോപ്പുകൾ സ്ഥാപിച്ചു നൽകുന്നു. ഒരു ഗുണഭോക്താവിന് സൗജന്യമായി 3 ലക്ഷം രൂപയുടെ മുതൽമുടക്കിലാണ് മീറ്റ് ഷോപ്പുകൾ സ്ഥാപിച്ചു നൽകുന്നത്. പ്രവർത്തന മൂലധനവും വാടകമുറിക്കുള്ള സെക്യൂരിറ്റി തുകയും ഇതിൽ ഉൾപ്പെടും. വൈദ്യുതി കണക്ഷനുള്ള 100 Sq മീറ്റർ വിസ്തീർണ്ണമുള്ള കടമുറി വാടകയ്ക്കോ സ്വന്തമായോ ഗുണഭോക്താവ് കണ്ടെത്തി അറിയിക്കണം. ആകെ 10 പേർക്കാണ് ഇപ്പോൾ ഈ ആനുകൂല്യം നൽകുന്നത്. അപേക്ഷകൾ അതത് ജില്ലകളിൽ ഡെവലപ്മെന്റ് ഓഫീസറുടെ ശുപാർശകളോടെ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ലഭിക്കേണ്ട അവസാന തീയതി 31/07/2024. കൂടുതൽ വിവരങ്ങൾക്ക് അസിസ്റ്റന്റ് മാനേജർ (മാർക്കറ്റിംഗ്), എം പി ഐ ലിമിറ്റഡ്, എടയാർ പി.ഒ, കൂത്താട്ടുകുളം. കൂടുതൽ വിവരങ്ങൾക്ക് 8281110007 എന്ന ഫോൺ നമ്പറിലോ mpiedayarmkt@gmail.com എന്ന ഇമെയിൽ വിലാസത്തിലോ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെയുള്ള സമയങ്ങളിൽ ബന്ധപ്പെടുക

**പരിശീലന പരിപാടി**

6. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെൻററിന്റെ ആഭിമുഖ്യത്തിൽ **മഴക്കാല പച്ചക്കറി കൃഷി** എന്ന വിഷയത്തിൽ പരിശീലന പരിപാടി ഈ മാസം 19 ന് (ജൂലൈ 19) സംഘടിപ്പിക്കുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ ജൂലൈ 15ന് മുമ്പായി 0487 2370773 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

7. വെള്ളായണി കാർഷിക കോളേജ് ട്രെയിനിങ് സർവീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ **വിളകളിലെ രോഗ നിയന്ത്രണം** എന്ന വിഷയത്തിൽ ഏകദിന പരിശീലന പരിപാടി ഈ മാസം 20ന് രാവിലെ 10 മണി മുതൽ 5 മണി വരെ സംഘടിപ്പിക്കുന്നു. പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, കിഴങ്ങ് വിളകൾ, സുഗന്ധമസാല വിളകൾ, തോട്ടവിളകൾ എന്നിവയുടെ എല്ലാ രോഗങ്ങളും നിയന്ത്രണ മാർഗങ്ങളും വിശദമായി പഠിപ്പിക്കുന്നു. പരിശീലന ഫീസ് 500 രൂപ. രജിസ്റ്റർ ചെയ്യുന്നതിനായി 8891540778 എന്ന ഫോൺ നമ്പറിൽ ഓഫീസ് സമയങ്ങളിൽ വിളിക്കുക.